
● സംഭാഷണം




ചിത്രീകരണം : ജോൺസ് മാത്യു

# വെള്ളത്തിന് നിറം നൽകുമ്പോൾ

**എറണാകുളം ദർബാർ ഹാളിൽവച്ച് നടന്ന പ്രദർശനത്തിനിടയിൽ പ്ലാച്ചിമട അനുഭവങ്ങളെയും ചിത്രങ്ങളെയും കുറിച്ച് ജോൺസ് മാത്യു കേരളീയത്തോട് സംസാരിക്കുന്നു.**

**ജല**സാന്നിദ്ധ്യങ്ങളെല്ലാമൊഴിഞ്ഞ ഭൂമിയുടെ വരണ്ട ക്യാൻവാസിൽ ഉറവയുടെ ശബ്ദമറിയിച്ച് അതിലൂടെ വെള്ളത്തിന്റെ രാഷ്ട്രീയത്തെയും സാമൂഹികമാനങ്ങളെയും പ്രതിധ്വനിപ്പിക്കുന്നു ജോൺസ് മാത്യുവിന്റെ ജലചിത്രങ്ങളുടെ പരമ്പര. ചിത്രരചനാപരമായി വെള്ളത്തിലൂടെ നടത്തിയ ആലോചനായാത്രകൾ ജോൺസ് മാത്യുവിനെ പ്ലാച്ചിമടയിലെത്തിച്ചു. വെള്ളത്തിന്റെ രാഷ്ട്രീയത്തെ, അതുവഴി സാമൂഹ്യനീതിക്കായുള്ള പോരാട്ടത്തിന്റെ രാഷ്ട്രീയത്തെ ഇത്രയേറെ തീക്ഷ്ണമായി പ്രതിഫലിപ്പിക്കാൻ കഴിഞ്ഞ പ്ലാച്ചിമടസമരം ലോകചരിത്രത്തിൽത്തന്നെ എണ്ണപ്പെട്ട ഒന്നായതിനാൽ ജലത്തെക്കുറിച്ചുള്ള ജോൺസ് മാത്യുവിന്റെ ചിത്രങ്ങൾ പ്ലാച്ചിമടയുടെ സന്ദേശങ്ങൾക്ക് നിറം നൽകിയത് തീർത്തും ഉൾക്കാഴ്ചയുള്ള ഒരു രാഷ്ട്രീയ പ്രവർത്തനമായി മാറി. സമരമെന്ന നിലയിൽ അനീതിയ്ക്കും അധിനിവേശത്തിനുമെതിരെ കരുത്തുകാണിച്ചെങ്കിലും പ്ലാച്ചിമടയുടെ രാഷ്ട്രീയത്തെ പ്രതിനിധീകരിക്കുന്നതിലും പോഷിപ്പിക്കുന്നതിലും കലാസൃഷ്ടികൾ വഹിച്ച പങ്ക് കേരളത്തിലുണ്ടായിട്ടുള്ള കലാപരമായ ഇടപെടലുകളെ അപേക്ഷിച്ച് താരതമ്യേന കുറവാണ്. പ്ലാച്ചിമടയെ ക്യാൻവാസിലെത്തിച്ച ജോൺസ് മാത്യുവിന്റെ ഇടപെടലിലൂടെ കലാപരമായ ഈയൊരു പ്രതിസന്ധിയ്ക്കും വിരാമമാവുകയാണ്. ജോൺസ് മാത്യുവിന്റെ പ്ലാച്ചിമട അനുഭവങ്ങളിലൂടെയും ചിത്രങ്ങളിലൂടെയും.

വ്യക്തിപരമായ അനുഭവങ്ങളെയാണ് കലാകാരന്മാർ മിക്കപ്പോഴും തങ്ങളുടെ കലാരൂപങ്ങളിലൂടെ പ്രതിഫലിപ്പിക്കാറുള്ളത്. കലാകാരൻ അനുഭവിച്ച വേദനകളും സംഘർഷങ്ങളും ആഹ്ലാദനിമിഷങ്ങളുമൊക്കെ കലാരൂപങ്ങളായി രൂപാന്തരപ്പെടുകയാണ് പതിവ്. പൊതുസമൂഹത്തിന്റെ ഒരു പ്രശ്നത്തെ, വേദനയെ തന്റേതായി ഉൾക്കൊണ്ടുകൊണ്ട് ഭാവനാനിർമ്മാണം നടത്താൻ കലാകാരന്മാർക്ക് പലപ്പോഴും സാധിക്കാറില്ല. അതുകൊണ്ടാണ് ലളിതകലാ അക്കാദമിയുടെ ഗ്രാന്റ് കിട്ടിയപ്പോൾ ജനങ്ങൾ അനുഭവിക്കുന്ന ഒരു പ്രശ്നത്തെ മനസ്സിലാക്കാനും ആ സാമൂഹിക പ്രശ്നത്തെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ക്യാൻവാസിലേക്ക് പകർത്താനും ഞാൻ ആലോചിച്ചത്. സാമൂഹിക പ്രശ്നത്തെക്കുറിച്ചുള്ള ആലോചനകൾ എന്നെയെത്തിച്ചത് ജലത്തിനുവേണ്ടിയുള്ള പ്രശ്നങ്ങളിലേക്കാണ്. സമീപഭാവിയിൽത്തന്നെ നമ്മൾ നേരിടാൻ പോകുന്ന വലിയ പ്രശ്നം ജലക്ഷാമമായിരിക്കാം. ജലചൂഷണം കൂടുന്നതിനോടൊപ്പം ജലത്തിനുമുകളിലുള്ള നിയന്ത്രണങ്ങളും കൂടുന്നു. കിണർ കുഴിക്കുന്നതിനുപോലും നിബന്ധനകൾ വരുന്നു. എന്നാൽ മൂലധനശക്തികൾ നിയന്ത്രണങ്ങളൊന്നുമില്ലാതെ ജലം അപഹരിക്കുന്നു. വെള്ളത്തെക്കുറിച്ചുള്ള ചിന്തകളെ ഇത്തരം കാലികപ്രശ്നങ്ങളുമായി കൂട്ടിയോജിപ്പിക്കാനാണ് ഞാൻ ആഗ്രഹിച്ചത്. പക്ഷെ വളരെ ദാർശനികമായൊരു പ്രശ്നമായാണ് ജലത്തെ ഞാൻ ആദ്യം അവതരിപ്പിച്ചത്. ഭൂമിയിൽ ജീവന്റെ ആദ്യകണികയുണ്ടായത് ജലത്തിലാണ്. അങ്ങനെ ചിന്തിച്ചാൽ ഇന്നുകാണുന്ന എല്ലാ നിർമ്മിതിയുടെയും ആദ്യരൂപം ജലമാണെന്ന് പറയാം. 'ബോട്ടിൽഡ് മിത്ത്' എന്ന ചിത്രത്തിൽ ഞാൻ പ്രതിഫലിപ്പിച്ചിരിക്കുന്നത് ഈ ചിന്തയെയാണ്. പക്ഷെ കുറച്ചുകൂടി യാഥാർത്ഥ്യങ്ങളുമായി ചേർന്നുനിന്നപ്പോൾ മിത്തിൽനിന്നും എന്റെ ചിന്തകൾ സാമൂഹിക പ്രശ്നങ്ങളിലേക്കെത്തി, ജലത്തിന് മുകളിലുള്ള നിയന്ത്രണങ്ങൾ കാരണം പൊതുസമ്പത്ത് അപ്രാപ്യമായിത്തീർന്ന ജനങ്ങളിലേക്കെത്തി. പ്ലാച്ചിമടയുടെ ചിത്രമാണ് പിന്നീട് മനസിൽ വന്നത്. കാരണം ജലത്തെക്കുറിച്ചും അതിന്റെ ചൂഷണത്തെയും മലിനീകരണത്തെയും കുറിച്ചും ഇത്രയേറെ ചർച്ച ചെയ്യപ്പെട്ട പ്രശ്നമെന്നനിലയിൽ പ്ലാച്ചിമടയ്ക്ക്



ചിത്രീകരണം : ജോൺസ് മാത്യു

വലിയ പ്രാധാന്യമുണ്ട്. പ്ലാച്ചിമട സന്ദർശിക്കണമെന്ന ആഗ്രഹം അങ്ങനെയാണുണ്ടായത്. വായനയിലൂടെ കിട്ടിയ അറിവ് മാത്രമായിരുന്നു പ്ലാച്ചിമടയെക്കുറിച്ച് എനിക്കുണ്ടായിരുന്നത്. വാക്കിലൂടെ അറിയുന്നതിന് ഒരുപാട് പരിമിതികളുണ്ട്. കണ്ണിലൂടെ അറിയാനാണ് ഞാൻ പരിശീച്ചിരിക്കുന്നത്. വാക്കുകൾ സെക്കണ്ടറിയായ ഒരു അറിവ് മാത്രമേ പ്രദാനം ചെയ്യുന്നുള്ളൂ.

പ്ലാച്ചിമടയുടെ പ്രശ്നത്തെ കണ്ണിലൂടെ അറിയാൻ നേരിട്ടെത്തിയപ്പോൾ കണ്ട കാഴ്ചകൾ വായിച്ചറിഞ്ഞതിനേക്കാൾ തീവ്രമായിരുന്നു. പ്ലാച്ചിമടയിൽ ബസ്സിറങ്ങി സമരപ്പന്തലിൽനിന്നും കോളനികളിലേക്കാണ് സുഹൃത്തുക്കളോടൊപ്പം ഞാൻ ആദ്യം പോയത്. കോളനിയിലേക്കുള്ള വഴികൾ കണ്ടാലറിയാം അത് തീർത്തും വികസനമെത്താത്ത സ്ഥലമാണെന്ന്. ഇരുവശത്തുമുള്ള കുടിലുകളിലെല്ലാം പല നിറങ്ങളിലുള്ള കുടങ്ങൾ നിരത്തിവെച്ചിട്ടുണ്ടായിരുന്നു. തമിഴ്നാട്ടിൽ നിർമ്മിക്കുന്ന വിലകുറഞ്ഞ റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക്ക് കൊണ്ടുണ്ടാക്കിയ കുടങ്ങൾ. കോളനികളിലേറെയും മണ്ണുവീടുകളാണ്. വെള്ളവുമായെത്തുന്ന ടാങ്കർലോറിയുടെ ശബ്ദത്തിനായി അവർ കാത്തിരിക്കുകയാണ് ഒരു ദിവസത്തെ ജീവിതമാരംഭിക്കാൻ. രാജ്യത്തിന്റെ അതിർത്തി കാക്കുന്ന സൈന്യത്തെപ്പോലെ കുടങ്ങളുമായി അവർ ജാഗ്രതയോടെ കാത്തിരിക്കുന്നു. ആ നാടിന്റെ സാമ്പത്തിക അവസ്ഥ അവരുടെ കുടിലുകളുടെ രൂപത്തിൽനിന്നും വ്യക്തമാകും. സാമ്പത്തികമായ പരാധീനതകൾക്ക് പുറമെയാണ് വെള്ളത്തിനുവേണ്ടിയുള്ള കാത്തിരിപ്പ്. അതും മനഃപൂർവ്വം സൃഷ്ടിക്കപ്പെട്ട ചൂഷണത്തിന്റെ ഭാഗമായുണ്ടായ ജലക്ഷാമമാണ് അവരുടെ ഈ അവസ്ഥയ്ക്ക് കാരണമെന്നത് ഞെട്ടലുളവാക്കുന്നതാണ്.

കോളനികളിലൂടെ നടന്ന് ഞങ്ങളെത്തിയത് രൂപഭംഗിയുള്ള വളരെ പഴയ ഒരു കിണറിന് മുന്നിലാണ്. വെള്ളത്തെ അരിച്ചിറക്കാൻ കഴിയുന്ന രീതിയിൽ തൊടികളോടുകൂടി നിർമ്മിച്ച മനോഹരമായ ഒരു കിണർ. പക്ഷെ കിണറിലെ വെള്ളം മലിനമാക്കപ്പെട്ടിരിക്കുകയാണ്. 'ഐ ഓഫ് പ്ലാച്ചിമട' എന്ന ചിത്രത്തിൽ ഈ കിണറാണ് ഞാൻ വരച്ചിരിക്കുന്നത്.

കൃഷിയോജ്യമല്ലാത്ത വരണ്ടുപോയ ഭൂമിയിലേക്കാണ് പിന്നീട് ഞങ്ങൾ നടന്നെത്തിയത്. ജലചൂഷണത്തിന്റെ ഭീകരത അവിടെയെല്ലാം ദൃശ്യമായിരുന്നു. യാഥാർത്ഥ്യങ്ങളുടെ ഈ ഭീകരതയെ പ്ലാച്ചിമടയിൽ മാത്രമല്ല ഭൂമിയിൽ വെള്ളം കുടിക്കുന്ന എല്ലാവരെയും ബാധിക്കുന്ന രീതിയിൽ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചു. പ്രശ്നങ്ങളുടെമേൽ കടന്നുകയറി അതിനെ കീഴ്പ്പെടുത്താതെ വികേന്ദ്രീകൃതരൂപത്തിൽ അവതരിപ്പിക്കാൻ പ്ലാച്ചിമട കാഴ്ചകൾ എന്നെ പ്രേരിപ്പിച്ചു.

സമരപന്തലിലേക്കാണ് പിന്നീട് ഞങ്ങളെത്തിയത്. പന്തലിലേറെയുമുണ്ടായിരുന്നത് സ്ത്രീകളായിരുന്നു. പൂട്ടിക്കിടക്കുകയാണെങ്കിലും ഒരുവശത്ത് ഉയർന്നു നിൽക്കുന്ന ഭീമൻ കൊക്കക്കോള ഫാക്ടറിയുണ്ട്, മറുവശത്ത് വിലകുറഞ്ഞ രീതിയിൽ നിർമ്മിച്ച സമരപന്തലുണ്ട്. പന്തലിന് സമീപം ഐക്യദാർഢ്യം പ്രഖ്യാപിച്ച വിവിധ രാഷ്ട്രീയപാർട്ടികളുടെ കൊടികളുണ്ട്. പല വർണ്ണങ്ങളിലുള്ള കൊടികൾ എന്നെ വല്ലാതെ സ്വാധീനിച്ചു. യാഥാർത്ഥ്യമായ ഇമേജിൽനിന്നും വ്യത്യസ്തമായി അബ്സ്ട്രാക്റ്റായ രീതിയിൽ ഈ കൊടികളെയും അതുവഴി പ്ലാച്ചിമടയുടെ രാഷ്ട്രീയത്തെയും വരയ്ക്കണമെന്നും ഞാൻ ആഗ്രഹിച്ചു. 'പോട്ട് ഫ്രം പ്ലാച്ചിമട' എന്ന ചിത്രം അതാണ്. കുടത്തിനുചുറ്റും നിരവധി കൊടികൾ.

പ്ലാച്ചിമടയെക്കുറിച്ചുള്ള ചിത്രങ്ങൾ വരയ്ക്കുമ്പോഴെല്ലാം നിറങ്ങളുടെ വിന്യാസത്തെക്കുറിച്ച് ഞാൻ വളരയധികം ശ്രദ്ധാലുവായിരുന്നു. പ്ലാച്ചിമട ഒരിക്കലും വർണ്ണപൊലിമയോടെ ചിത്രീകരിക്കപ്പെടേണ്ട വിഷയമല്ല. കാണാൻ ഭംഗിയുള്ള നിറങ്ങളെയെല്ലാം അതുകൊണ്ട് തന്നെ ഞാൻ ഒഴിവാക്കി. മനോഹാരിതയെ ചുരുക്കി. പ്രശ്നത്തോട് നീതിപുലർത്തുന്ന രീതിയിലുള്ള നിറങ്ങളായിരുന്നു ഞാൻ ഉപയോഗിച്ചത്. 'ബോട്ടിൽഡ് ഹോളിറിവർ' എന്ന ചിത്രത്തിൽ മണ്ണുപയോഗിച്ചാണ് നദിയോട് ചേർന്ന ഭൂമിയ്ക്ക് നിറം നൽകിയത്. വെള്ളം വരക്കാനുപയോഗിച്ചത് വിഷാംശമുള്ള ഒരു പെയിന്റാണ്. ഈ രീതിയിലാണ് വിഷയത്തിന്റെ രാഷ്ട്രീയത്തെ ഞാൻ അവതരിപ്പിക്കുന്നത്.

പക്ഷെ നമ്മുടെ കലാകാരന്മാർ പലരും ഇന്ന് സാമൂഹിക വിഷയങ്ങളെ പ്രതിപാദിക്കുന്നതിൽ വിമുഖത കാണിക്കുന്നു. സാമൂഹിക വിഷയങ്ങൾ അവതരിപ്പിക്കുകയാണെങ്കിൽകൂടി പ്രത്യക്ഷത്തിൽ നിലനിൽക്കുന്ന ഒരു പ്രശ്നത്തെ പരിഗണിച്ചുകൊണ്ട് അവതരിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടാകുന്നില്ല. ദാർശനികമായ പ്രശ്നങ്ങൾ പറയാനാണ് ഏവർക്കും താൽപര്യം. നമ്മുടെ വളരെയടുത്ത്, നമുക്ക് നേരിട്ടറിയാൻ കഴിയുന്ന പ്ലാച്ചിമട സമരത്തെക്കുറിച്ച് പറയാൻ കലാകാരന്മാർ തയ്യാറാകുന്നില്ല. പ്ലാച്ചിമട സമരത്തോടുള്ള എന്റെ അനുഭവപ്രകടനമാണ് ഈ ചിത്രങ്ങൾ, അധിനിവേശത്തിനെതിരെയുള്ള ഈ പോരാട്ടത്തിൽ ചിത്രകാരനെന്ന നിലയിൽ എനിക്ക് ചെയ്യാൻ കഴിയുന്നതും ഇതാണ്.

*പി.എച്ച്.ഇ.ഡി. റോഡ്, സിവിൽ സ്റ്റേഷൻ പി.ഒ.,*
*കോഴിക്കോട്, 9895169926*
*e-mail : johnsmathew62@yahoo.com*

